## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട**
**ചോദ്യം നമ്പർ : 499** **25.10.2016- ൽ മറുപടിയ്ക്ക്**

### സാമ്പത്തിക വളർച്ചയ്ക്ക് സഹകരണ സ്ഥാപനങ്ങളെ പ്രയോജനപ്പെടുത്താൻ നടപടി

| **ചോദ്യം** | **മറുപടി** |
| --- | --- |
| **ശ്രീ. എ.പി. അനിൽ കുമാർ**<br>**" കെ.സി.ജോസഫ്**<br>**" പി.ടി. തോമസ്**<br>**" അടൂർ പ്രകാശ്** | **ശ്രീ. എ.സി.മൊയ്തീൻ**<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) സഹകരണ പ്രസ്ഥാനത്തെ സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനമുൾപ്പെടെയുള്ള വളർച്ചയ്ക്ക് പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) ധനനിക്ഷേപങ്ങളും ക്രെഡിറ്റും സംസ്ഥാനത്ത് വളർത്തിക്കൊണ്ട് വരുന്നതിനും അടിസ്ഥാന സൗകര്യങ്ങളും പ്രാദേശിക വികസനവും സാരവത്തായി ഉയർത്തുന്നതിനും സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് പുത്തൻ ഉണർവ്വ് നൽകാൻ സാധിക്കത്തക്ക വിധം ബാങ്കുകളുടെ വായ്പാ വിതരണം വർദ്ധിപ്പിച്ചും കാർഷിക പരമ്പരാഗത തൊഴിൽ, സ്വയം തൊഴിൽ മേഖലകളിലടക്കം ഒരു സാമ്പത്തിക ചാലക ശക്തിയായി പ്രവർത്തിക്കാൻ പ്രാപ്തമാക്കിയും സംസ്ഥാനത്തിന്റെ വികസനത്തിൽ ശക്തമായ കുതിച്ചുചാട്ടം സാധ്യമാക്കുന്ന പദ്ധതികളിൽ നിർണ്ണായക പങ്ക് വഹിക്കുവാൻ സാധിക്കത്തക്ക വിധത്തിലും സഹകരണ പ്രസ്ഥാനത്തെ പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. |
| ബി) ഇതിനായി എന്തെല്ലാം കർമ്മ പദ്ധതികളാണ് സഹകരണ രംഗത്ത് ആസൂത്രണം ചെയ്ത് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | ബി) ഇതിനായി താഴെപ്പറയുന്ന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.<br><br>**<u>കേരള കോ-ഓപ്പറേറ്റീവ് ബാങ്ക് രൂപീകരിക്കും</u>**<br>സംസ്ഥാന സഹകരണ ബാങ്കിനെയും 14 ജില്ലാ സഹകരണ ബാങ്കുകളെയും സംയോജിപ്പിച്ച് 'കേരള കോ-ഓപ്പറേറ്റീവ് ബാങ്ക്' രൂപീകരിക്കും. ഇതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദമായ പഠനത്തിനായി ബാംഗ്ലൂർ ഐ.ഐ.എം പ്രൊഫസർ ശ്രീ.എം.എസ്.ശ്രീറാമിന്റെ നേതൃത്വത്തിൽ വിദഗ്ദ്ധ സമിതി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

......2

**<u>സഹകരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കും</u>**

ഗ്രാമീണ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സഹകരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കും. പ്രാഥമിക വായ്പാ സംഘങ്ങളുടെയും സഹകരണ ബാങ്കുകളുടെയും ആഭിമുഖ്യത്തിൽ ഇപ്രകാരം ഒരു വർഷത്തിൽ കുറഞ്ഞത് ഇരുപതിനായിരം പേർക്ക് തൊഴിൽ നൽകുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**<u>പച്ചക്കറി ഉൽപ്പന്നങ്ങളുടെയും കാർഷിക ഉൽപ്പന്നങ്ങളുടെയും സംഭരണവും വിതരണവും ലക്ഷ്യമിട്ട് സുവർണ്ണം സ്റ്റോറുകൾ ആരംഭിക്കും</u>**

**<u>പട്ടികജാതി/പട്ടിക വർഗ്ഗ ഫെഡറേഷന്റെ പ്രവർത്തനം ശക്തിപ്പെടുത്തും</u>**

മരുന്ന് ഉൽപാദനം, മാർക്കറ്റിംഗ് എന്നിവ വിപുലീകരിച്ച് ആയുർധാര ഉൽപ്പന്നങ്ങൾ മരുന്ന് വിപണിയിലെ ഒരു പ്രധാന ബ്രാന്റായി വളർത്തിയെടുക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതാണ്. ആയുർധാര ഫാർമ്മസ്യൂട്ടിക്കൽസ്, പഞ്ചകർമ്മ യൂണിറ്റ് എന്നീ പദ്ധതികളിൽ മാനേജ്മെന്റ് പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരെയും ആയുർവേദത്തിൽ പരിശീലനം ലഭിച്ച വദഗ്ധരേയും നിയമിച്ച് അവയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതാണ്.

**<u>വനിതാ ഫെഡ്ഡിനെയും വനിതാ സംഘങ്ങളെയും ശക്തിപ്പെടുത്തും</u>**

വനിതാ ഫെഡ്ഡിനെ ശക്തിപ്പെടുത്തുന്നതിനും വനിതാ സംഘങ്ങളുടെ പുന:രുദ്ധാരണത്തിനുമുള്ള നടപടി സ്വീകരിക്കും.

**<u>മാർക്കറ്റ് ഫെഡ്ഡിന്റെ പ്രവർത്തനം വിപുലമാക്കും</u>**

മാർക്കറ്റ് ഫെഡ്ഡിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കും.

**<u>റബ്ബർ മാർക്കിന് പദ്ധതി സഹായം നൽകും</u>**

റൂബക് ബലൂൺ ഉൽപാദനം ഇരട്ടിയാക്കൽ, സർജിക്കൽ ഗ്ലൗസ് നിർമ്മാണം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കും.

**<u>TOURFED ലൂടെ SAFE, SMART TRAVEL പദ്ധതി നടപ്പാക്കുന്ന കാര്യ പരിശോധിക്കും.</u>**

......3

**സ്കൂൾ കോളേജ് സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കും**

തെരഞ്ഞെടുക്കപ്പെട്ട സ്കൂൾ/കോളേജ് സംഘങ്ങൾ വഴി സ്കൂൾ കുട്ടികളുടെ സമ്പാദ്യശീലം വളർത്തുന്നതിനുള്ള ലഘുനിക്ഷേപ പദ്ധതി, പ്രദേശത്തെ പ്രാഥമിക സഹകരണ സംഘങ്ങൾ/ ജില്ലാ സഹകരണ ബാങ്കുകൾ എന്നിവയുടെ മേൽനോട്ടത്തിൽ നടപ്പിലാക്കുകയും കുട്ടികൾക്ക് കുറഞ്ഞ വിലയ്ക്ക് പഠനോപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്യും. ഇപ്രകാരം ഈ വർഷം 100 സ്കൂൾ/കോളേജുകളെ സജീവമാക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി സർക്കാർ ധനസഹായം, വിവിധ സഹകരണ സ്ഥാപനങ്ങൾ വഴിയുള്ള സബ്സിഡി എന്നിവ പരിഗണിക്കുന്നതാണ്.

**അപ്പക്സ് സഹകരണ സംഘങ്ങൾ/ഫെഡറൽ സൊസൈറ്റികൾ എന്നിവ നവീകരിക്കും**

സഹകരണ വകുപ്പിന് കീഴിൽ 10 അപ്പക്സ് ഫെഡറേഷനുകളും 4 ഫെഡറൽ സൊസൈറ്റികളുമാണ് പ്രവർത്തിക്കുന്നത്. ഇവയെ കൂടുതൽ ജനോപകാരപ്രദമാക്കുന്ന രീതിയിൽ നവീകരിക്കും. വിവിധ ഫെഡറേഷനുകളിലൂടെ ഇ-കോമേഴ്സ് അടക്കമുള്ള പദ്ധതികൾ നടപ്പിലാക്കും.

**സഹകരണ നിക്ഷേപ സമാഹരണം വിപുലപ്പെടുത്തും**

സഹകരണ ബാങ്കുകളിലെ നിക്ഷേപത്തിന്റെ ഏറ്റവും വലിയ പ്രത്യേകത അത് നമ്മുടെ സംസ്ഥാനത്ത് തന്നെ പൂർണ്ണമായും വായ്പയായി നൽകുവാൻ കഴിയുമെന്നതാണ്. വൻകിട ബാങ്കുകൾ തിരസ്കരിക്കുന്ന സാധാരണക്കാരുടെയും പാവപ്പെട്ടവരുടെയും വായ്പാ ആവശ്യങ്ങൾക്കുള്ള അത്താണി കൂടിയാണ് സഹകരണ ബാങ്കുകൾ. ഒരേ സമയം സാധാരണ ജനങ്ങളെ സഹായിക്കുന്നതിനും നാടിന്റെ സ്ഥായിയായ വികസന ആവശ്യങ്ങൾക്ക് പണം കണ്ടെത്തുന്നതിനും സഹകരണ ബാങ്കുകളെ കൂടുതൽ കർമ്മോത്സുകമാക്കുന്നതിനുമുള്ള പദ്ധതികൾ ഈ മേഖലയിൽ നടപ്പാക്കും.

**സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിൽ ആധുനികവൽക്കരണം നടപ്പിലാക്കി ബ്രാഞ്ചുകളുടെ പ്രവർത്തനം വിപുലീകരിക്കും.**

| | |
|---|---|
| സി) വിവിധ സഹകരണ സ്ഥാപനങ്ങളെ ഇതിനുവേണ്ടി എങ്ങനെയാണ് പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (സി) മിച്ച ഫണ്ട് ലഭ്യമായ സംഘങ്ങളുടെ മിച്ച ഫണ്ട് ഉപയോഗിച്ചും മനുഷ്യ വിഭവ ശേഷി ലഭ്യമായ സംഘങ്ങളിൽ അവ പ്രയോജനപ്പെടുത്തിയും സർക്കാർ ധനസഹായം വേണ്ടിടത്ത് ആയത് നൽകിയും നിർജ്ജീവാവസ്ഥയിലായ സംഘങ്ങളിൽ പുനരുദ്ധരിക്കാൻ സാധിക്കുന്നവയ്ക്കായി പ്രത്യേക പദ്ധതി തയ്യാറാക്കിയും ഈ പ്രവർത്തനങ്ങൾ ഫലവത്താക്കാൻ ഉദ്ദേശിക്കുന്നു. |

**സെക്ഷൻ ഓഫീസർ**